

THURSDAY 15/11/2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


**Chief Editor:** Nizam S A **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 15/11/2024

1. നാളികേര വികസന ബോർഡിന്റെ നേര്യമംഗലം വിത്തുൽപാദന പ്രദർശന തോട്ടത്തിൽ കുറ്റ്യാടി തെങ്ങിൻ തൈകൾ 100 രൂപ നിരക്കിലും, കുറിയ ഇനങ്ങൾ 110 രൂപ നിരക്കിലും, സങ്കര ഇനങ്ങൾ 250 രൂപ നിരക്കിലും വിതരണം ചെയ്യുന്നു. ആവശ്യമുള്ള കർഷകർക്കും, കൃഷി ഓഫീസർമാർക്കും ഫാമിലെത്തി തൈകൾ നേരിട്ട് വാങ്ങാം. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 8 മുതൽ വൈകീട്ട് 5 മണി വരെ 0485 2554240 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ അസിസ്റ്റൻറ് പ്രൊഫസർ (അഗ്രോണമി) തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥിയെ നിയമിക്കുന്നതിന് 19.11.2024 രാവിലെ 10.30 ന് വാക്ക് ഇൻ ഇൻറർവ്യൂ നടത്തുന്നു. വിശദവിവരങ്ങൾക്ക് www.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക കൂടുതൽ വിവരങ്ങൾക്ക് 0487 2699087 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

3. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിനു കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തിയിൽ **'ശുദ്ധജല മത്സ്യകൃഷി'**(തിലാപ്പിയ,വരാൽ) എന്ന വിഷയത്തിൽ 28.11.24-ന് പരിശീലനം സംഘടിപ്പിക്കും. 550/- രൂപയാണ് ഫീസ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഓഫീസ് സമയങ്ങളിൽ 0487 2370773എന്ന ഫോൺ നമ്പറിൽ 26.11.2024, ന് മുമ്പായി ബന്ധപ്പെടുക.

4. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കരയിലെ ഫലവർഗ്ഗ ഗവേഷണ കേന്ദ്രത്തിൽ വച്ച് **'ഡ്രാഗൺ ഫ്രൂട്ടിന്റെ വിള പരിപാലനം'** എന്ന വിഷയത്തിൽ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

നവംബർ മാസത്തിൽ (അവസാനത്തെ ആഴ്ച) രണ്ടുദിവസത്തെ പരിശീലന പരിപാടി നടത്തുന്നതാണ്. പങ്കെടുക്കുവാൻ താല്പര്യമുള്ള വ്യക്തികൾ 9605612478 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതും പരിശീലന ഫീസ് ആയ 2000 രൂപ ക്യു ആർ കോഡ് വഴി മാത്രം അടക്കേണ്ടതുമാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്കാണ് ഒന്നാമത്തെ ബാച്ചിൽ പരിശീലനം നൽകുക. അപേക്ഷകരുടെ എണ്ണം കൂടുതൽ ഉണ്ടെങ്കിൽ കൂടുതൽ ബാച്ചുകൾ ആക്കി പരിശീലനം നൽകുന്നതാണ്. പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് കേരള കാർഷിക സർവകലാശാലയുടെ പരിശീലന സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ഏതെങ്കിലും കാരണത്താൽ പരിശീലനത്തിൽ പങ്കെടുക്കുവാൻ സാധിച്ചില്ലെങ്കിൽ അവർക്ക് അടച്ച തുക തിരികെ നൽകുന്നതല്ല.

5. കണ്ണൂർ കക്കാട് റോഡിൽ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ നവംബർ 19, 20 തീയതികളിൽ രാവിലെ 10.15 മുതൽ വൈകീട്ട് 5.15 വരെ **ആട് വളർത്തലിൽ** പരിശീലന ക്ലാസ് നടത്തുന്നു. നവംബർ 18 ന് വൈകീട്ട് 4നകം പരിശീലന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രമാണ് പ്രവേശനം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0497-2763473.

6. കോട്ടയം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബർ ട്രെയിനിംഗിൽ വച്ച് നവംബർ 18 മുതൽ 22 വരെ ലാറ്റക്സ് കളക്ഷൻ, പരിപാലനം, കോമ്പൗണ്ടിംഗ്, ഡിസൈൻ, ഗ്ലൗസ് ഫോം, റബർ ബലൂൺ ഉൽപാദനം ലാറ്റക്സ് ഉൽപ്പന്നങ്ങളുടെ ടെസ്റ്റിംഗ് തുടങ്ങിയ വിഷയങ്ങളിൽ ഒരു ഹ്രസ്വകാലപരിശീലനം സംഘടിപ്പിക്കുന്നു പരിശീലന ഫീസ് ജി എസ് ടി ഉൾപ്പെടെ 4425/- രൂപ. റബർ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും സംരംഭകർക്കും പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0481 2353127 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**കാർഷിക നിർദ്ദേശം**

നെല്ലിൽ ബാക്ടീരിയൽ ഇലകരിച്ചിൽ തടയുന്നതിനായി പച്ചചാണകം 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി, അതിന്റെ തെളിയെടുത്ത് 20 ഗ്രാം സ്യൂഡോമോണാസ് കലർത്തി തളിക്കുക. രോഗം കണ്ടുതുടങ്ങിയാൽ ബ്ലീച്ചിംഗ് പൗഡർ (2 കിലോ ഏക്കറിൽ) 50 ഗ്രാം വീതമുള്ള കിഴികളിലാക്കി കണ്ടങ്ങളുടെ വിവിധ ഭാഗങ്ങളിലായി ഇട്ടു കൊടുക്കണം. തണ്ടുതുരപ്പനേയും ഓലചുരുട്ടിയേയും നിയന്ത്രിക്കുന്നതിനായി ട്രൈക്കോഗ്രമ്മ മുട്ടക്കാർഡുകൾ ഉപയോഗിക്കുന്നത് നല്ലതാണ്.

നെല്ലിലെ ഓലചുരുട്ടിപ്പുഴുവിനെ നിയന്ത്രിക്കാൻ ട്രൈക്കോഗ്രമ്മ ചിലോണിസ് കാർഡും തണ്ടുതുരപ്പനെ നിയന്ത്രിക്കാൻ ട്രൈക്കോഗ്രമ്മ ജപ്പോനിക്കം കാർഡും ഉപയോഗിക്കുക. ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രമ്മ കാർഡ് വേണം. ഇത് ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് കപ്പുകളിൽ കുത്തി വെക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 3 മില്ലി ക്ലോറാൻട്രാനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം